# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 370 — 16.03.2017 -ൽ മറുപടിക്ക്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. എം. നൗഷാദ് | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) കരാർ/ദിവസ വേതന നിയമനങ്ങൾ വ്യാപകമാകുന്നതിനനുസൃതമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള താൽക്കാലിക നിയമനങ്ങൾ കുറഞ്ഞു വരുന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. ചില സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ, കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും നിയമനങ്ങൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വാഭാവികമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള താൽക്കാലിക നിയമനങ്ങളുടെ എണ്ണം കുറയുകയും ചെയ്തിട്ടുണ്ട്. 1959-ലെ Compulsory Notification of Vacancy ആക്ട് പ്രകാരം എല്ലാ ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. ഇതു പാലിക്കാതെ നടത്തിയിട്ടുള്ള കരാർ/ ദിവസവേതന നിയമനങ്ങളിൽ യാതൊരു വിധത്തിലുള്ള സംവരണ തത്വങ്ങളും പാലിക്കപ്പെടുന്നില്ല. ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ |

പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുമ്പോൾ ഇത്തരം നിയമനങ്ങൾ അഭികാമ്യമല്ല. എംപ്ലോയ്മെന്റ് വകുപ്പിന്റെ നിരന്തരമായ ഇടപെടലും എംപ്ലോയ്മെന്റ് മാർക്കറ്റിംഗ് പരിശോധനകളും മുഖേന നിരവധി സ്ഥാപനങ്ങളിലെ, അനധികൃത നിയമനങ്ങൾ ഒഴിവാക്കാനും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മേൽപറഞ്ഞ 1959-ലെ സി.എൻ.വി. ആക്ട് പ്രകാരം സർക്കാർ/അർദ്ധസർക്കാർ/ ബോർഡ്/കമ്പനി/കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ, പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത ഒഴിവുകളിലേക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജന പ്പെടുത്തണമെന്നും, അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ചീഫ് എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ ടി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം കർശന നടപടിയെടുക്കുന്നതാണെന്നും 5.2.2014 തീയതിയിലെ 25941/ജി2/2013/തൊഴിൽ നമ്പർ പ്രകാരം സർക്കുലർ (അനുബന്ധമായി ചേർക്കുന്നു) പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർ കർശനമായി പാലിക്കുന്നതിന് 26.12.2016-ലെ 1046913/ജി2/16 നമ്പർ കത്ത് പ്രകാരം മേൽപറഞ്ഞ മേധാവികൾക്ക് വീണ്ടും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) നാൽപ്പതര ലക്ഷം തൊഴിലന്വേഷകർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഒരു വർഷം കേവലം 7800 പേർക്ക് മാത്രം താൽക്കാലികാടിസ്ഥാനത്തിൽ തൊഴിൽ നൽകാൻ സാധ്യമായ സാഹചര്യത്തിൽ, സംസ്ഥാനത്തെ എൺപത്തിനാല് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ തൊഴിൽ ദായകരെന്ന സ്ഥിതി ' ഏതാണ്ട് അപ്രസക്തമായതു കൊണ്ട് ഈ സ്ഥാപനങ്ങളെ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ ഉൾപ്പെടെ തൊഴിൽ നേടാൻ വേണ്ട അവസരം സൃഷ്ടിക്കുന്ന കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ; | (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്ന സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഒഴിവുകൾക്ക് പുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങളെ കൂടി ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന "എംപ്ലോയബിലിറ്റി സെന്റർ" പദ്ധതി എംപ്ലോയ്മെന്റ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ ഈ വർഷം എംപ്ലോയബിലിറ്റി സെന്റർ പ്രവർത്തനസജ്ജമാകും. 2016-17 വർഷം കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

ഗ്രാമീണ മേഖലയിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഉപകാര പ്രദമാകുന്ന വിധത്തിൽ താലൂക്ക് തലത്തിൽ ആരംഭിക്കുന്ന പദ്ധതിയാണ് "കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ". വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെയും കാലാനുസൃത മാറ്റങ്ങളെയും കുറിച്ച് അറിവും അവബോധവും നൽകുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉപരിപഠനം തെരഞ്ഞെടുക്കുന്നതിനും അവരുടെ കഴിവിനും യോഗ്യതയ്ക്കും അനുസരിച്ചുള്ള തൊഴിൽ കണ്ടെത്തുന്നതിനും സഹായിക്കുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) ഉദ്യോഗാർത്ഥികൾക്ക് പ്രയോജന പ്രദമാകുന്ന രീതിയിൽ ഈ സ്ഥാപനങ്ങളുടെ സേവനം ഏതൊക്കെ തരത്തിൽ പരിണമിപ്പിക്കാൻ ഉദ്ദേശിക്കുന്നെന്ന് അറിയിക്കാമോ?

(സി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി വരുന്നുണ്ട്. സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്കു അത്തരം

പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ വഴിയും പരിശീലനം നൽകുന്നുണ്ട്. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി ബന്ധപ്പെട്ട് നേരിട്ട് ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ വഴിയും അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.

കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസലിങ്ങ്, കരിയർ ഇന്ററസ്റ്റ്, ഗോൾ സെറ്റിങ്, മോട്ടിവേഷൻ ക്ലാസ്സുകൾ, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വവികസന പരിപാടികൾ, മത്സര പരീക്ഷാ പരിശീലന പരിപാടികൾ തുടങ്ങി മികച്ച കോഴ്സുകളും തൊഴിലും സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് അറിവ് ലഭ്യമാക്കുന്ന നിലയിലും ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുന്നവയാണ് കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ.

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Labour & Rehabilitation (G) Department

# CIRCULAR

No.25941/G2/2013/LBR

Dated, Thiruvananthapuram : 05.02.2014.

Sub:- Labour & Rehabilitation Department – Direct Recruitment by Government Departments and Establishment – Violation of Employment Exchange (Compulsory Notification of Vacancies) Act, 1959 and Government Directions – Avoidance of – Instructions Issued – Reg.

Ref:- Government Circular No.39483/G2/87/LBR dated 05.01.1988.

As per the circular referred, Governments have issued direction to all the Chief Executives of Government Establishments/Undertakings/Boards/Companies/ Corporation that the service of Employment Exchanges should be utilised for filling up vacancies coming outside the purview of the Public Service Commission as per the provisions of the Employment Exchange (Compulsory Notification of Vacancies) Act, 1959 for strict adherance. But instances have been brought to the notice of the Government, that the Provisions of the Act and Government Circulars have been violated by some of the Government Departments/ Establishments / Undertakings/ Boards/Companies and Corporations.

Government here by direct all the Heads of Departments/Chief Executives of Government Establishments/Undertakings/ Boards/Companies/Corporations that the service of Employment Exchanges should invariably be utilised for filling up vacancies coming outside the purview of the Public Service Commission. They are also cautioned that violations, if any, on the above direction will be viewed seriously and may lead to severe action under the provisions of the Act. The Heads of Departments/Chief Executives will personally be held responsible for ensuring strict compliance with the statutory requirements in this regard.

TOM JOSE IAS
Principal Secretary to Government

To

All Heads of Departments.
The Chief Executives of all Public Sector Establishments/Undertakings/ Boards/Companies/Corporations.
The Director of Employment, Thiruvananthapuram.
All Departments in the Secretariat.

Forwarded/By Order

Section Officer